# സർഗസംഗമം

## നിയമാവലി

ആൺകുട്ടികൾ

الجامعة الإسلامية كيرالا

AL JAMIA AL ISLAMIYA

Sargasamgamam Niyamavali - Boys (Original)
Language: Malayalam
Published on: December 2017
Amended & Republished on: November 2025
Printed & Published by:
Al Jamia Al Islamiya,Santhapuram
Pattikkad P.O, Malappuram
Pin: 679 325
Website: www.aljamia.net
FB: Al Jamia Al Islamiya, Santapuram
YOUTUBE: Al Jamia Al Islamiya
Ph: +91 4933 270 439, +91 9656612612

All rights are reserved to the printer & publisher.

# ഉള്ളടക്കം


- ആമുഖം 03
- ലക്ഷ്യം 05
- ചാപ്റ്റർ 1 : സംഘാടക സമിതി 07
- ചാപ്റ്റർ 2 : സബ് കമ്മിറ്റികൾ 09
- ചാപ്റ്റർ 3 : ഗ്രൂപ്പുകൾ 12
- ചാപ്റ്റർ 4 : കാറ്റഗറികളും മത്സരയിനങ്ങളും 15
- ചാപ്റ്റർ 5 : മത്സരയിനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ 23
- ചാപ്റ്റർ 6 : മൂല്യനിർണയോപാധികൾ 25
- ചാപ്റ്റർ 7: വിധിനിർണയം & അപ്പീൽ 39
- ചാപ്റ്റർ 8: ഗ്രേഡ്സ്& പോയിന്റ്സ് 41
- ചാപ്റ്റർ 9 : പൊതുനിർദ്ദേശങ്ങൾ 43
- അനുബന്ധം 1 : മാതൃകാഫോറം: അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷ 45
- അനുബന്ധം 2 : മാതൃകാഫോറം:അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ് 47
- അനുബന്ധം 3 : ഡിബേറ്റ് മാർഗനിർദ്ദേശങ്ങൾ 49

# ആമുഖം

കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾക്കനുസരിച്ച് ഇസ്ലാമിക പ്രവർത്തനങ്ങൾക്ക് ദിശ നിർണയിക്കുവാൻ ശേഷിയുള്ള ഒരു നേതൃനിരയെ സൃഷ്ടിക്കുക എന്നതാണ് അൽ ജാമിഅ അൽ ഇസ്ലാമിയ്യയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിനനുഗുണമായാണ് അൽ ജാമിഅ അതിന്റെ പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. വിദ്യാർഥികൾ ആർജിച്ചെടുക്കുന്ന അറിവുകളും തിരിച്ചറിവുകളും ഉപകാരപ്രദമാവുന്ന രീതിയിൽ സമൂഹത്തിലേക്ക് പ്രസരിപ്പിക്കുമ്പോഴാണ് അവരുടെ ജീവിതം സാർഥകമായിത്തീരുന്നത്. ഈ ദൗത്യനിർവഹണത്തിന് വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിൽ വ്യത്യസ്തങ്ങളായ കലാ–സാഹിത്യ മത്സരങ്ങൾ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. വിദ്യാർഥികളുടെ വൈജ്ഞാനികവും സർഗാത്മകവുമായ കഴിവുകൾ പരിപോഷിപ്പിക്കുകയും ഇസ്ലാമിന്റെ ഭൂമികയിൽ നിന്നുകൊണ്ട് കാലത്തോട് സംവദിക്കാൻ വിദ്യാർഥി സമൂഹത്തെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തെ മുൻനിർത്തി അൽ ജാമിഅ അൽ ഇസ്ലാമിയ്യ ഓരോ വർഷവും സംഘടിപ്പിക്കുന്ന കലാസാഹിത്യ മത്സരങ്ങൾക്കുള്ള വേദിയാണ് 'സർഗസംഗമം'. വിദ്യാർഥികളിൽ അന്തർലീനമായ സർഗശേഷികൾ വികസിപ്പിക്കുന്നതിനും അവരിൽ ആരോഗ്യകരമായ മത്സരസംസ്കാരം വളർത്തിയെടുക്കുന്നതിനും ഏറെ സഹായകമാണ് 'സർഗസംഗമം'.

സർഗസംഗമത്തിന്റെ ലക്ഷ്യപൂർത്തീകരണത്തിനുതകും വിധം, കുറ്റമറ്റ രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള നിർദേശങ്ങളടങ്ങിയ രേഖയാണ് 'സർഗസംഗമം നിയമാവലി'. സംഘാടനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഈ നിയമാവലിപ്രകാരമാണ് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയിട്ടുള്ള നിയമനിർദേശങ്ങൾഅംഗീകരിക്കുവാൻ മുഴുവൻ വിദ്യാർഥികളും അധ്യാപകരും മറ്റു ജീവനക്കാരും ബാധ്യസ്ഥരാണ്. ഈ നിയമാവലി പരിഷ്കരിക്കുന്ന തിനും ഭേദഗതി ചെയ്യുന്നതിനും സർഗസംഗമം 'സംഘാടക സമിതിക്ക്' പൂർണ അധികാരമുണ്ടായിരി ക്കും.

**റെക്ടർ**

**അൽ ജാമിഅ അൽ ഇസ്ലാമിയ്യ**

**<u>ലക്ഷ്യം</u>**

വിദ്യാർഥികളുടെ വൈജ്ഞാനികവും സർഗാത്മകവുമായ കഴിവുകളെ പരിപോഷിപ്പിക്കുകയും ഇസ്‌ലാമിന്റെ ഭൂമിക യിൽ നിന്നുകൊണ്ട് കാലത്തോട് സംവദിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക.

# ചാപ്റ്റർ 1

## സംഘാടക സമിതി

സർഗസംഗമത്തിന്റെ സുഗമമായ നടത്തിപ്പിന് റെക്ടർ, അസി. റെക്ടർമാർ, വിവിധ ഫാക്കൽറ്റി ഡീനുമാർ, സ്റ്റുഡന്റ്സ് അഫേഴ്സ് ഡീൻ, സ്റ്റാഫ് പ്രതിനിധികൾ, എസ്.ഐ.ഒ അൽ ജാമിഅ പ്രസിഡന്റ്, വിദ്യാർഥി പ്രതിനിധികൾ എന്നിവർ ചേർന്ന് വിപുലമായ ഒരു സംഘാടക സമിതിക്ക് രൂപം നൽകുന്നതാണ്. സർഗസംഗമം നടത്തിപ്പിന്റെ പൂർണമായ ഉത്തരവാദിത്തം താഴെപ്പറയുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

- **മുഖ്യരക്ഷാധികാരി:** റെക്ടർ, അൽ ജാമിഅ അൽ ഇസ്ലാമിയ്യ
- **രക്ഷാധികാരി:** അസി. റെക്ടർ, അൽ ജാമിഅ അൽ ഇസ്ലാമിയ്യ
- **ഉപദേശക സമിതി:** ഫാക്കൽറ്റി ഡീനുമാർ
- **ചെയർമാൻ:** ഡീൻ, സ്റ്റുഡന്റ്സ് ആക്ടിവിറ്റീസ്
- **ജനറൽ കോഡിനേറ്റർ:** രക്ഷാധികാരിയും ഉപദേശക സമിതിയംഗങ്ങളും ചെയർമാനും ചേർന്ന് തെരഞ്ഞെടുക്കുന്ന സ്റ്റാഫ് പ്രതിനിധി
- **കോഡിനേറ്റർമാർ:** രക്ഷാധികാരി, ചെയർമാൻ, ജനറൽ കോഡിനേറ്റർ എന്നിവർ ചേർന്ന് തെരഞ്ഞെടുക്കുന്ന സ്റ്റാഫ് പ്രതിനിധികൾ
- **ട്രഷറർ:** ചെയർമാൻ തെരഞ്ഞെടുക്കുന്ന സ്റ്റാഫ് പ്രതിനിധി
- **ജനറൽ കൺവീനർ:** പ്രസിഡന്റ്, എസ്.ഐ.ഒ അൽ ജാമിഅ
- **കൺവീനർ:** എസ്.ഐ.ഒ അൽ ജാമിഅ ഏരിയാ സമിതി തെരഞ്ഞെടുക്കുന്ന വിദ്യാർഥി പ്രതിനിധി
- **അസി. കൺവീനർമാർ:** എസ്.ഐ.ഒ അൽ ജാമിഅ ഏരിയാ സമിതി തെരഞ്ഞെടുക്കുന്ന വിദ്യാർഥി പ്രതിനിധികൾ
- **അംഗങ്ങൾ:** രക്ഷാധികാരിയും ചെയർമാനും ജനറൽ കോഡിനേറ്ററും ചേർന്ന് തെരഞ്ഞെടുക്കുന്ന സ്റ്റാഫ് പ്രതിനിധികൾ, എസ്.ഐ.ഒ അൽ ജാമിഅ ഏരിയാ സമിതി തെരഞ്ഞെടുക്കുന്ന വിദ്യാർഥി പ്രതിനിധികൾ

# ചാപ്റ്റർ 2

## സബ് കമ്മിറ്റികൾ

സർഗസംഗമത്തിന്റെ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ നടത്തിപ്പിന് സംഘാടക സമിതി അംഗങ്ങളായ സ്റ്റാഫ്-വിദ്യാർഥി പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റികൾക്ക് ചെയർമാൻ, ജനറൽ കോർഡിനേറ്റർ, ജനറൽ കൺവീനർ എന്നിവർ ചേർന്ന് രൂപം നൽകുന്നതാണ്. വിവിധ കമ്മിറ്റികളുടെ ചുമതലകളും അധികാരങ്ങളും ചുവടെ ചേർക്കുന്നു:

**1. പ്രോഗ്രാം&ഷെഡ്യൂൾ**

- മത്സരയിനങ്ങളുടെ ഷെഡ്യൂൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.
- മത്സരാർഥികൾക്കാവശ്യമായ കോഡ് നമ്പറുകൾ, കോഡ് ലെറ്ററുകൾ എന്നിവ തയ്യാറാക്കി നൽകുക.
- മുഴുവൻ മത്സരയിനങ്ങളും ഷെഡ്യൂൾ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.
- പ്രോഗ്രാം ഷെഡ്യൂളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനുള്ള അധികാരം ഈ കമ്മിറ്റിക്കുണ്ടായിരിക്കും.
- സർഗസംഗമം നിയമാവലി ഓരോ ഗ്രൂപ്പിനും നൽകുക.

**2. ടോപിക്സ്**

- മത്സരയിനങ്ങൾക്ക് ആവശ്യമുള്ള വിഷയങ്ങൾ വിദഗ്ധരുമായി കൂടിയാലോചിച്ച് മുൻകൂട്ടി തയ്യാറാക്കുക.
- നിശ്ചയിച്ച വിഷയങ്ങൾ കോൺഫിഡൻഷ്യലായി സൂക്ഷിക്കുക.
- വിഷയങ്ങൾ ഷെഡ്യൂൾ പാലിച്ച് നിശ്ചിത സമയത്ത് മത്സരാർത്ഥികളെ അറിയിക്കുക.

**3. ജഡ്ജസ് & വാലേഷൻ**

- മത്സരയിനങ്ങൾ മൂല്യനിർണയം നടത്താൻ യോഗ്യരായ വിധികർത്താക്കളെ ചെയർമാൻ, ജനറൽ കോഡിനേറ്റർ എന്നിവരുമായി കൂടിയാലോചിച്ച് കണ്ടെത്തുകയും പ്രോഗ്രാം കമ്മിറ്റിയുമായി സഹകരിച്ച് നിശ്ചയിച്ച സമയങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുക.
- ഒരു മത്സരയിനം വിലയിരുത്താൻ മൂന്നിൽ കുറയാത്ത വിധികർത്താക്കളുടെ പാനലിനെ നിശ്ചയിക്കുക.
- ഓഫ് സ്റ്റേജ് മത്സരങ്ങളുടെ മൂല്യ നിർണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുക.
- വിധികർത്താക്കൾക്ക് വേണ്ടി നിശ്ചയിച്ചുറപ്പിച്ച റെമ്യൂണറേഷൻ പ്രത്യേക കവറിലിട്ട് നൽകുക.
- വിധികർത്താക്കൾക്കാവശ്യമായ യാത്രാസൗകര്യങ്ങൾ ട്രാൻസ്പോർട്ടേഷൻ കമ്മിറ്റിയുമായി കൂടിയാലോചിച്ച് ഉറപ്പുവരുത്തുക.
- നിശ്ചയിച്ചുറപ്പിച്ച വിധികർത്താക്കൾക്ക് പുറമെ അടിയന്തരഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താവുന്ന പകരക്കാരുടെ ഒരു ലിസ്റ്റ് നേരത്തേ തയ്യാറാക്കി വെക്കുക.

**4. പി.ആർ & മീഡിയ**

- അച്ചടി, ദൃശ്യ, ഓൺലൈൻ, മാധ്യമങ്ങളിൽ സർഗസംഗമത്തെക്കുറിച്ച വാർത്തകളും ചിത്രങ്ങളും എത്തിക്കുക.
- സർഗസംഗമത്തിന്റെ പ്രചരണത്തിനാവശ്യമായ ഓൺലൈൻ പോസ്റ്ററുകൾ, പ്രൊമോ വീഡിയോകൾ തുടങ്ങിയവ തയ്യാറാക്കി നിശ്ചിത ഓൺലൈൻ മാധ്യമങ്ങളിൽ യഥാസമയം അപ്‌ലോഡ് ചെയ്യുക.
- പ്രോഗ്രാം നോട്ടീസുകൾ, സർട്ടിഫിക്കറ്റുകൾ, ബാനറുകൾ, ബാഡ്ജുകൾ മുതലായവ ഡിസൈൻ ചെയ്യുക.
- പരിപാടികളുടെ ഫോട്ടോ, വീഡിയോ എന്നിവ കൃത്യമായി പകർത്തി ഡോക്യുമെന്റ് ചെയ്യുക.

**5. റിസപ്ഷൻ**

- സംഘാടക സമിതിയുമായി കൂടിയാലോചിച്ച് സർഗസംഗമത്തിന്റെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്കാവശ്യമായ അതിഥികളെ ക്ഷണിക്കുക.
- ക്ഷണക്കത്തുകൾ അതിഥികൾക്ക് എത്തിച്ചുവെന്ന് ഉറപ്പുവരുത്തുക.
- അതിഥികൾക്കാവശ്യമായ യാത്രാസൗകര്യങ്ങൾ ട്രാൻസ്പോർട്ടേഷൻ കമ്മിറ്റിയുമായി കൂടിയാലോചിച്ച് ഉറപ്പുവരുത്തുക.
- അതിഥികളെ സ്വീകരിക്കുക.
- ഗസ്റ്റ് റിസപ്ഷൻ റൂം/ഏരിയ സജ്ജീകരിക്കുക.
- അതിഥികൾക്കുള്ള വിശ്രമമുറികൾ റിസർവ് ചെയ്യുക.

**6. റിസൾട്ട്സ്& ടാബുലേഷൻ**

- ഓരോ മത്സരത്തിനും ആവശ്യമായ സ്കോർഷീറ്റുകൾ, മത്സരഫലങ്ങൾ രേഖപ്പെടുത്താനുള്ള സ്കോർബോർഡുകൾ തുടങ്ങിയവ തയ്യാറാക്കുക.
- വിധികർത്താക്കളുടെ ഒപ്പോടുകൂടിയ മത്സരഫലങ്ങൾ കോൺഫിഡൻഷ്യലായി സൂക്ഷിക്കുക.
- മത്സരഫലങ്ങൾ ജനറൽ കോർഡിനേറ്ററുടെയോ അദ്ദേഹം നിശ്ചയിക്കുന്ന ഒഫീഷ്യലിന്റെയോ അംഗീകാരത്തിന് ശേഷം അതത് സമയങ്ങളിൽ അനൗൺസ്മെന്റ് പോയിന്റുകളിൽ എത്തിക്കുക.
- മത്സരഫലങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിച്ച സമയം കൃത്യമായി രേഖപ്പെടുത്തുക.
- മത്സരഫലങ്ങൾ സ്കോർബോർഡിൽ പ്രദർശിപ്പിക്കുക.

**7. സ്റ്റേജ്, ലൈറ്റ് & സൗണ്ട്**

- പ്രോഗ്രാം കമ്മിറ്റിയുമായി ആലോചിച്ച് സ്റ്റേജുകൾ, വിവിധ ആവശ്യങ്ങൾക്കായുള്ള റൂമുകൾ, കർട്ടൻ, സ്റ്റേജുകളിലേക്കുള്ള ബാനറുകൾ തുടങ്ങിയവ ക്രമീകരിക്കുക.
- വേദിയിലും സദസ്സിലും ഗസ്റ്റ് റിസപ്ഷൻ ഏരിയയിലും ഇരിപ്പിടങ്ങളും മറ്റു ഫർണിച്ചറുകളും സജ്ജീകരിക്കുക.
- മുഴുവൻ വേദികളിലേക്കുമുള്ള ലൈറ്റ്&സൗണ്ട്സിസ്റ്റം കുറ്റമറ്റ രീതിയിൽ സംവിധാനിക്കുക.
- വൈദ്യുതി തടസ്സം പരിപാടികളുടെ നടത്തിപ്പിനെ ബാധിക്കാത്ത വിധത്തിൽ ജനറേറ്റർ സൗകര്യം ഉറപ്പുവരുത്തുക.

**8. ട്രോഫി & സർട്ടിഫിക്കറ്റ്**

- ഒന്ന്, രണ്ട് സ്ഥാനങ്ങളിലെത്തുന്ന ഗ്രൂപ്പുകൾക്ക് റോളിംഗ് ട്രോഫി നൽകുക.
- റോളിംഗ് ട്രോഫികൾ സർഗസംഗമത്തിന് മുന്നോടിയായി മുൻവിജയികളിൽ നിന്നും തിരികെ വാങ്ങിയെന്ന് ഉറപ്പുവരുത്തുക.

- ട്രോഫികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അവയുടെ തകരാറുകൾ പരിഹരിക്കുക.
- എല്ലാവ്യക്തിഗത മത്സരയിനങ്ങളിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കും കലാപ്രതിഭ, ബെസ്റ്റ് ആക്ടർ തുടങ്ങിയവർക്കും ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുക.
- ഗ്രൂപ്പ് ഇനങ്ങളിലെ വിജയികൾക്ക് അതത് വർഷങ്ങളിൽ സംഘാടക സമിതി നിശ്ചയിക്കുന്ന സമ്മാനങ്ങൾ നൽകുക.
- ട്രോഫികളും സർട്ടിഫിക്കറ്റുകളും സ്വീകരിച്ചതിന് തെളിവായി ഗ്രൂപ്പ് ലീഡർമാരെക്കൊണ്ട് അതിനായി പ്രത്യേകം തയ്യാറാക്കിയ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുക.

**9. ട്രാൻസ്പോർട്ടേഷൻ & പർച്ചേസിംഗ്**

- വിവിധ വകുപ്പുകളുടെ സർഗസംഗമവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി വാഹനസൗകര്യം ഏർപ്പെടുത്തുക.
- അതിഥികളെ ഗസ്റ്റ് റിസപ്ഷൻ ഏരിയയിൽ എത്തിച്ച് റിസപ്ഷൻ ടീമിന് ഏൽപ്പിച്ച് കൊടുക്കുക.
- സർഗസംഗമത്തിനാവശ്യമായ മുഴുവൻ സാധനങ്ങളുടേയും പർച്ചേസിംഗ് നടത്തുക.

**10. റിഫ്രഷ്മെന്റ് & ഫുഡ്**

- എല്ലാ സ്റ്റേജുകളിലേക്കും ആവശ്യമായ കുടിവെള്ളം എത്തിക്കുക.
- അതിഥികൾ, വിധികർത്താക്കൾ, കമ്മിറ്റിയംഗങ്ങൾ തുടങ്ങിയവർക്ക് റിഫ്രഷ്മെന്റ് സൗകര്യം ഏർപ്പെടുത്തുക, ദീർഘനേരം വിധികർത്താക്കളായിരിക്കുന്നവർക്ക് റിഫ്രഷ്മെന്റിൽ വൈവിധ്യം ഉറപ്പ് വരുത്തുക.
- വിധികർത്താക്കളടക്കം അതിഥികൾക്ക് ഭക്ഷണം നൽകുക.
- ഗസ്റ്റ് റിസപ്ഷൻ ഏരിയയിൽ റിഫ്രഷ്മെന്റ് സൗകര്യം ഏർപ്പെടുത്തുക.

# ചാപ്റ്റർ 3

## ഗ്രൂപ്പുകൾ

- സർഗസംഗമത്തിന് മുന്നോടിയായി മുഴുവൻ വിദ്യാർഥികളെയും നാല് ഗ്രൂപ്പുകളായി തിരിക്കുന്നതായിരിക്കും.
- ഓരോ ഗ്രൂപ്പിനും ഒരു ലീഡറും അസിസ്റ്റന്റ് ലീഡർമാരും ഗ്രൂപ്പ് മാനേജർമാരും ഉണ്ടായിരിക്കും.
- സംഘാടക സമിതിയുടെ അംഗീകാരത്തോടുകൂടി എസ്.ഐ.ഒ അൽ ജാമിഅ ഏരിയാ സമിതിയാണ് ഗ്രൂപ്പ് ലീഡർ, അസിസ്റ്റന്റ് ലീഡർമാർ എന്നിവരെ തെരഞ്ഞെടുക്കേണ്ടത്.
- ഗ്രൂപ്പുകൾക്കുള്ള പേരുകൾ, അൽ ജാമിഅ സ്റ്റാഫിൽ നിന്നും വിദ്യാർഥികളിൽ നിന്നുമുള്ള അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം സംഘാടക സമിതിയും ഗ്രൂപ്പ് ലീഡർമാരും ചേർന്ന് കൂടിയാലോചനയിലൂടെയാണ് തീരുമാനിക്കേണ്ടത്.
- കൺവീനർ, അസി. കൺവീനർമാർ എന്നിവരുടെ സാന്നിധ്യത്തിലാണ് ഗ്രൂപ്പ് ലീഡർമാർ അതത് ഗ്രൂപ്പുകളിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

# ചാപ്റ്റർ 4

## കാറ്റഗറികളും മത്സരയിനങ്ങളും

താഴെ കൊടുത്ത പ്രകാരം 4 കാറ്റഗറികളിലായിട്ടാണ് മത്സരങ്ങൾ നടക്കുക.

- **കാറ്റഗറി 1: ജൂനിയർ** (പ്രിപ്പറേറ്ററി കോഴ്സ്)
- **കാറ്റഗറി 2: സീനിയർ** (അണ്ടർ ഗ്രാജ്വേറ്റ്,ഫാക്കൽറ്റി ഓഫ് ശരീഅ, ഫാക്കൽറ്റി ഓഫ് ഉസ്വൂലുദ്ദീൻ)
- **കാറ്റഗറി 3: പി.ജി** (ഫാക്കൽറ്റി ഓഫ് ഇസ്‌ലാമിക് തോട്ട്, ഫാക്കൽറ്റി ഓഫ് കണ്ടമ്പററി ഫിഖ്ഹ്, ഫാക്കൽറ്റി ഓഫ് ലാൻഗ്വേജ് & ട്രാൻസ്‌ലേഷൻ)
- **കാറ്റഗറി 4: ജനറൽ** (ജൂനിയർ, സീനിയർ, പി.ജി വിദ്യാർഥികൾക്ക് പൊതുവായി)

### <u>കാറ്റഗറി 1: ജൂനിയർ</u>

**വ്യക്തിഗത ഓഫ് സ്റ്റേജ് ഇനങ്ങൾ**

| നമ്പർ | മത്സരയിനം | പരമാവധി സമയം |
|---|---|---|
| 1. | ഉപന്യാസരചന (മലയാളം) | 90 മിനുട്ട് |
| 2. | ഉപന്യാസരചന (ഉറുദു) | 90 മിനുട്ട് |
| 3. | ഉപന്യാസരചന (അറബി) | 90 മിനുട്ട് |
| 4. | ഉപന്യാസരചന (ഇംഗ്ലീഷ്) | 90 മിനുട്ട് |
| 5. | കവിതാരചന (മലയാളം) | 60 മിനുട്ട് |
| 6. | കവിതാരചന (ഉറുദു) | 60 മിനുട്ട് |
| 7. | കവിതാരചന (അറബി) | 60 മിനുട്ട് |
| 8. | കവിതാരചന (ഇംഗ്ലീഷ്) | 60 മിനുട്ട് |
| 9. | കഥാരചന (മലയാളം) | 60 മിനുട്ട് |
| 10. | കഥാരചന (അറബി) | 60 മിനുട്ട് |
| 11. | കഥാരചന (ഇംഗ്ലീഷ്) | 60 മിനുട്ട് |
| 12. | കഥാരചന (ഉറുദു) | 60 മിനുട്ട് |
| 13. | പെൻസിൽ ഡ്രോയിംഗ് | 90 മിനുട്ട് |
| 14. | പെയ്ന്റിംഗ് (ജലഛായം) | 120 മിനുട്ട് |

| | | |
|---|---|---|
| 15. | അടിക്കുറിപ്പ് (മലയാളം) | 15 മിനുട്ട് |
| 16. | അടിക്കുറിപ്പ് (ഉറുദു) | 15 മിനുട്ട് |
| 17. | ഹ്രസ്വചിത്ര നിരൂപണം (മലയാളം) | 45 മിനുട്ട് |
| 18. | ന്യൂസ് റിപ്പോർട്ടിംഗ് (മലയാളം) | 15 മിനുട്ട് |
| 19. | ന്യൂസ് റിപ്പോർട്ടിംഗ് (ഉറുദു) | 15 മിനുട്ട് |
| 20. | ഫോട്ടോഗ്രഫി | ഡെഡ്‌ലൈൻ |
| 21. | കലിഗ്രഫി (അറബി) | 60 മിനുട്ട് |
| 22. | വിവർത്തനം (അറബി-മലയാളം) | 30 മിനുട്ട് |

**വ്യക്തിഗത സ്റ്റേജ് ഇനങ്ങൾ**

| നമ്പർ | മത്സരയിനം | പരമാവധി സമയം |
|---|---|---|
| 1. | ഇസ്‌ലാമികഗാനം (മലയാളം) | 5 മിനുട്ട് |
| 2. | ഇസ്‌ലാമികഗാനം (ഉറുദു) | 5 മിനുട്ട് |
| 3. | ഇസ്‌ലാമികഗാനം (അറബി) | 5 മിനുട്ട് |
| 4. | മാപ്പിളപ്പാട്ട് | 5 മിനുട്ട് |
| 5. | കവിയരങ്ങ് (മലയാളം) | 5 മിനുട്ട് |
| 6. | കവിയരങ്ങ് (ഇംഗ്ലീഷ്) | 5 മിനുട്ട് |
| 7. | കവിയരങ്ങ് (ഉറുദു) | 5 മിനുട്ട് |
| 8. | കവിതാലാപനം (അറബി) | 5 മിനുട്ട് |
| 9. | ഖുർആൻ പാരായണം | 5 മിനുട്ട് |
| 10. | ഹിഫ്ള് | ബാധകമല്ല |
| 11. | ബാങ്ക്‌വിളി | പരമാവധി 4 മിനുട്ട് |
| 12. | വായന മത്സരം (അറബി) | 5 മിനുട്ട് |
| 13. | വായന മത്സരം (ഇംഗ്ലീഷ്) | 5 മിനുട്ട് |
| 14. | ഹദീസ് ദർസ് (മലയാളം) | 5 മിനുട്ട് |
| 15. | ഹദീസ് ദർസ് (ഉറുദു) | 5 മിനുട്ട് |
| 16. | പ്രസംഗം (മലയാളം) | 5 മിനുട്ട് |
| 17. | പ്രസംഗം (ഉറുദു) | 5 മിനുട്ട് |
| 18. | പ്രസംഗം (അറബി) | 5 മിനുട്ട് |

| | | |
|---|---|---|
| 19. | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനുട്ട് |
| 20. | നിമിഷ പ്രസംഗം (മലയാളം) | 3 മിനുട്ട് |
| 21. | നിമിഷ പ്രസംഗം (ഉറുദു) | 3 മിനുട്ട് |
| 22. | മോണോലോഗ് (മലയാളം) | 5 മിനുട്ട് |
| 23. | മോണോലോഗ് (ഉറുദു) | 5 മിനുട്ട് |
| 24. | എ.എൽ.ജെ ടോക്ക് (ഇംഗ്ലീഷ്) | 5 മിനുട്ട് |

ഗ്രൂപ്പ് ഇനങ്ങൾ

| നമ്പർ | മത്സരയിനം | പരമാവധി എണ്ണം | പരമാവധി സമയം |
|---|---|---|---|
| 1. | മൈം | 6 പേർ | 5 മിനുട്ട് |
| 2. | അക്ഷരശ്ലോകം (മലയാളം) | 3 പേർ | വിധികർത്താക്കൾ തീരുമാനിക്കുന്നതാണ് |
| 3. | അക്ഷരശ്ലോകം (ഉറുദു) | 3 പേർ | വിധികർത്താക്കൾ തീരുമാനിക്കുന്നതാണ് |
| 4. | ക്വിസ് | 3 പേർ | ക്വിസ് മാസ്റ്റർ തീരുമാനിക്കുന്നതാണ് |
| 5. | ഡിബേറ്റ് (മലയാളം) | 2 പേർ | 15 മിനുട്ട് |
| 6. | ഡിബേറ്റ് (ഉറുദു) | 2 പേർ | 15 മിനുട്ട് |
| 7. | ലൈവ് ട്രാൻസ്‌ലേഷൻ (ഇംഗ്ലീഷ്-മലയാളം) | 2 പേർ | 5 മിനുട്ട് വീതം |
| 8. | കാർട്ടൂൺ | 2 പേർ | 60 മിനുട്ട് |

## കാറ്റഗറി 2: സീനിയർ

### വ്യക്തിഗത ഓഫ് സ്റ്റേജ് ഇനങ്ങൾ

| നമ്പർ | മത്സരയിനം | പരമാവധി സമയം |
|---|---|---|
| 1. | ഉപന്യാസരചന (മലയാളം) | 90 മിനുട്ട് |
| 2. | ഉപന്യാസരചന (ഉറുദു) | 90 മിനുട്ട് |
| 3. | ഉപന്യാസരചന (അറബി) | 90 മിനുട്ട് |
| 4. | ഉപന്യാസരചന (ഇംഗ്ലീഷ്) | 90 മിനുട്ട് |
| 5. | കവിതാരചന (മലയാളം) | 60 മിനുട്ട് |
| 6. | കവിതാരചന (ഉറുദു) | 60 മിനുട്ട് |
| 7. | കവിതാരചന (അറബി) | 60 മിനുട്ട് |
| 8. | കവിതാരചന (ഇംഗ്ലീഷ്) | 60 മിനുട്ട് |

| | | |
|---|---|---|
| 9. | കഥാരചന (മലയാളം) | 60 മിനുട്ട് |
| 10. | കഥാരചന (അറബി) | 60 മിനുട്ട് |
| 11. | കഥാരചന (ഇംഗ്ലീഷ്) | 60 മിനുട്ട് |
| 12. | കഥാരചന (ഉറുദു) | 60 മിനുട്ട് |
| 13. | ഇസ്‌ലാമിക ഗാന രചന (മലയാളം) | ഡെഡ്‌ലൈൻ |
| 14. | പെൻസിൽ ഡ്രോയിംഗ് | 90 മിനുട്ട് |
| 15. | പെയ്ന്റിംഗ് (ജലഛായം) | 120 മിനുട്ട് |
| 16. | പോസ്റ്റർ ഡിസൈനിംഗ് | 60 മിനുട്ട് |
| 17. | വിവർത്തനം (അറബി - ഇംഗ്ലീഷ്) | 30 മിനുട്ട് |
| 18. | വിവർത്തനം (ഇംഗ്ലീഷ് - അറബി) | 30 മിനുട്ട് |
| 19. | ഹ്രസ്വചിത്ര നിരൂപണം (മലയാളം) | 45 മിനുട്ട് |
| 20. | ഹ്രസ്വചിത്ര നിരൂപണം (ഉറുദു) | 45 മിനുട്ട് |
| 21. | ഫോട്ടോഗ്രഫി | ഡെഡ്‌ലൈൻ |
| 22. | ഫീച്ചറെഴുത്ത് (മലയാളം) | ഡെഡ്‌ലൈൻ |
| 23. | ഹ്രസ്വചിത്ര തിരക്കഥാരചന (മലയാളം) | ഡെഡ്‌ലൈൻ |
| 24. | കലിഗ്രഫി (അറബി) | 60 മിനുട്ട് |
| 25. | സോഷ്യൽ ട്വീറ്റ് | ഡെഡ്‌ലൈൻ |
| 26. | റീൽ നിർമാണം | ഡെഡ്‌ലൈൻ |

**വ്യക്തിഗത സ്റ്റേജ് ഇനങ്ങൾ**

| നമ്പർ | മത്സരയിനം | പരമാവധി സമയം |
|---|---|---|
| 1. | ഇസ്‌ലാമികഗാനം (മലയാളം) | 5 മിനുട്ട് |
| 2. | ഇസ്‌ലാമികഗാനം (ഉറുദു) | 5 മിനുട്ട് |
| 3. | ഇസ്‌ലാമികഗാനം (അറബി) | 5 മിനുട്ട് |
| 4. | മാപ്പിളപ്പാട്ട് | 5 മിനുട്ട് |
| 5. | കവിയരങ്ങ് (മലയാളം) | 5 മിനുട്ട് |
| 6. | കവിയരങ്ങ് (ഉറുദു) | 5 മിനുട്ട് |
| 7. | കവിതാലാപനം (അറബി) | 5 മിനുട്ട് |
| 8. | ഖുർആൻ പാരായണം | 5 മിനുട്ട് |

| | | |
|---|---|---|
| 9. | ഹിഫ്ള് | ബാധകമല്ല |
| 10. | വായന മത്സരം (അറബി) | 5 മിനുട്ട് |
| 11. | ബാങ്ക്‌വിളി | പരമാവധി 4 മിനുട്ട് |
| 12. | ഖുർആൻ ദർസ് (മലയാളം) | 8 മിനുട്ട് |
| 13. | ഖുർആൻ ദർസ് (ഉറുദു) | 5 മിനുട്ട് |
| 14. | പ്രസംഗം (മലയാളം) | 5 മിനുട്ട് |
| 15. | പ്രസംഗം (ഉറുദു) | 5 മിനുട്ട് |
| 16. | പ്രസംഗം (അറബി) | 5 മിനുട്ട് |
| 17. | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനുട്ട് |
| 18. | മോണോലോഗ് (മലയാളം) | 5 മിനുട്ട് |
| 19. | മോണോലോഗ് (ഉറുദു) | 5 മിനുട്ട് |
| 20. | നിമിഷ പ്രസംഗം (അറബി) | 5 മിനുട്ട് |
| 21. | എ.എൽ.ജെ ടോക്ക് (ഇംഗ്ലീഷ്) | 5 മിനുട്ട് |
| 22. | എ.എൽ.ജെ ടോക്ക് (അറബി) | 5 മിനുട്ട് |

**ഗ്രൂപ്പ് ഇനങ്ങൾ**

| നമ്പർ | മത്സരയിനം | പരമാവധി എണ്ണം | പരമാവധി സമയം |
|---|---|---|---|
| 1. | അക്ഷരശ്ലോകം (മലയാളം) | 3 പേർ | വിധികർത്താക്കൾ തീരുമാനിക്കുന്നതാണ് |
| 2. | അക്ഷരശ്ലോകം (ഉറുദു) | 3 പേർ | വിധികർത്താക്കൾ തീരുമാനിക്കുന്നതാണ് |
| 3. | മുശാഅറ (അക്ഷരശ്ലോകം അറബി) | 3 പേർ | വിധികർത്താക്കൾ തീരുമാനിക്കുന്നതാണ് |
| 4. | ക്വിസ് | 3 പേർ | ക്വിസ് മാസ്റ്റർ തീരുമാനിക്കുന്നതാണ് |
| 5. | ഡിബേറ്റ് (മലയാളം) | 2 പേർ | 15 മിനുട്ട് |
| 6. | ഡിബേറ്റ് (അറബി) | 2 പേർ | 15 മിനുട്ട് |
| 7. | ലൈവ് ട്രാൻസ്‌ലേഷൻ (അറബി-മലയാളം) | 2 പേർ | 5 മിനുട്ട് വീതം |
| 8. | ലൈവ് ട്രാൻസ്‌ലേഷൻ (അറബി-ഉറുദു) | 2 പേർ | 5 മിനുട്ട് വീതം |
| 9. | പവർപോയന്റ് പ്രസന്റേഷൻ (ഇംഗ്ലീഷ്) | 2 പേർ | 10 മിനുട്ട് |
| 10. | കാർട്ടൂൺ | 2 പേർ | 60 മിനുട്ട് |

## കാറ്റഗറി 3: പി.ജി

### വ്യക്തിഗത ഓഫ് സ്റ്റേജ് ഇനങ്ങൾ

| നമ്പർ | മത്സരയിനം | പരമാവധി സമയം |
|---|---|---|
| 1. | ഉപന്യാസരചന (മലയാളം) | 90 മിനുട്ട് |
| 2. | ഉപന്യാസരചന (അറബി) | 90 മിനുട്ട് |
| 3. | ഉപന്യാസരചന (ഇംഗ്ലീഷ്) | 90 മിനുട്ട് |
| 4. | കവിതാരചന (മലയാളം) | 60 മിനുട്ട് |
| 5. | കവിതാരചന (അറബി) | 60 മിനുട്ട് |
| 6. | കവിതാരചന (ഇംഗ്ലീഷ്) | 60 മിനുട്ട് |
| 7. | വിവർത്തനം (അറബി-ഇംഗ്ലീഷ്) | 30 മിനുട്ട് |
| 8. | വിവർത്തനം (ഇംഗ്ലീഷ്-അറബി) | 30 മിനുട്ട് |

## കാറ്റഗറി 4: ജനറൽ

### ഗ്രൂപ്പ് ഓഫ് സ്റ്റേജ് ഇനങ്ങൾ

| നമ്പർ | മത്സരയിനം | പരമാവധി എണ്ണം | പരമാവധി സമയം |
|---|---|---|---|
| 1. | ഹ്രസ്വചിത്ര നിർമാണം (മലയാളം) | ബാധകമല്ല | ഡെഡ്‌ലൈൻ |
| 2. | കൊളാഷ് | പരമാവധി 5 പേർ | 120 മിനുട്ട് |
| 3. | പ്രൊമോ വീഡിയോ | ബാധകമല്ല | ഡെഡ്‌ലൈൻ |

### ഗ്രൂപ്പ് സ്റ്റേജ് ഇനങ്ങൾ

| നമ്പർ | മത്സരയിനം | പരമാവധി എണ്ണം | പരമാവധി സമയം |
|---|---|---|---|
| 1. | സംഘഗാനം (മലയാളം) | 7 പേർ | 5 മിനുട്ട് |
| 2. | സംഘഗാനം (ഉറുദു) | 7 പേർ | 5 മിനുട്ട് |
| 3. | സംഘഗാനം (അറബി) | 7 പേർ | 5 മിനുട്ട് |
| 4. | സംഘഗാനം (ഇംഗ്ലീഷ്) | 7 പേർ | 5 മിനുട്ട് |
| 5. | നാടകം (മലയാളം) | 8 പേർ | 30 മിനുട്ട് |

| | | | |
|---|---|---|---|
| 6. | കോൽക്കളി | 12 പേർ | 10 മിനുട്ട് |
| 7. | സംഗീത ശിൽപം | 8 പേർ | 10 മിനുട്ട് |
| 8. | വിൽപ്പാട്ട് | 5 പേർ | 15 മിനുട്ട് |
| 9. | ഖവ്വാലി (ഉറുദു) | 8 പേർ | 10 മിനുട്ട് |
| 10. | തെരുവുനാടകം (മലയാളം) | 8 പേർ | 10 മിനുട്ട് |
| 11. | തെരുവുനാടകം (ഉറുദു) | 8 പേർ | 10 മിനുട്ട് |
| 12. | ചിത്രീകരണം (അറബി) | 6 പേർ | 10 മിനുട്ട് |
| 13. | കഥാപ്രസംഗം (മലയാളം) | 5 പേർ | 10 മിനുട്ട് |
| 14. | ദഫ്മുട്ട് | 10 പേർ | 10 മിനുട്ട് |

**വ്യക്തിഗത ഓഫ് സ്റ്റേജ് ഇനങ്ങൾ (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൊതുവായി)**

| നമ്പർ | മത്സരയിനം | പരമാവധി എണ്ണം | പരമാവധി സമയം |
|---|---|---|---|
| 1. | തീം സോംഗ് രചന | ബാധകമല്ല | ഡെഡ്ലൈൻ |
| 2. | ലോഗോ ഡിസൈനിങ് | ബാധകമല്ല | ഡെഡ്ലൈൻ |

# ചാപ്റ്റർ 5

## മത്സരയിനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- ജനറൽ കാറ്റഗറി മത്സരയിനങ്ങളിൽ കാറ്റഗറി ഭേദമന്യേ ആർക്കും പങ്കെടുക്കാവുന്നതാണ്.
- ഒരു വിദ്യാർഥിക്ക് വ്യക്തിഗത (ഓഫ്സ്റ്റേജ്–സ്റ്റേജ്) ഇനങ്ങളിൽ പരമാവധി 4 എണ്ണത്തിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്കും ജനറൽ കാറ്റഗറി ഇനങ്ങൾക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൊതുവായുള്ള ഇനങ്ങൾക്കും ഈ നിബന്ധന ബാധകമല്ല.
- ഒരു ഗ്രൂപ്പിൽ നിന്നും വ്യക്തിഗത (ഓഫ്സ്റ്റേജ്–സ്റ്റേജ്) ഇനങ്ങളിൽ മൂന്നും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നും എൻട്രികളാണ് പരമാവധി സ്വീകരിക്കുക.
- ലോഗോ ഡിസൈനിംഗ്, തീംസോംഗ് രചന എന്നീ മത്സരയിനങ്ങൾ ആൺ–പെൺ ഭേദമന്യേ എല്ലാ വിദ്യാർഥികൾക്കും പൊതുവായുള്ളതാണ്.
- രചനാ മത്സരങ്ങളുടെ വിഷയവും സമയവും ക്ലിപ്തമായിരിക്കും. നിശ്ചിത സമയത്തിന് ശേഷം നൽകുന്ന രചനകൾ സ്വീകരിക്കുന്നതല്ല.
- നിശ്ചിത സമയപരിധിക്ക് ശേഷം സമർപ്പിക്കാത്ത എൻട്രികൾ സ്വീകരിക്കുന്നതല്ല.
- നിശ്ചിത സമയത്തിനകം റിപ്പോർട്ട് ചെയ്യാത്തപക്ഷം മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.
- ഒരേ സമയം രണ്ട് വേദികളിൽ മത്സരങ്ങളിൽ പങ്കെടുക്കേണ്ട വിദ്യാർഥി രണ്ട് വേദികളിലും നിശ്ചിത സമയത്ത് റിപ്പോർട്ട് ചെയ്യുകയും സംഘാടകരുടെ തീരുമാനപ്രകാരം ആവശ്യമായ സമയക്രമീകരണം നടത്തുകയും ചെയ്യേണ്ടതാണ്.അല്ലാത്ത പക്ഷം റിപ്പോർട്ട് ചെയ്യാത്ത ഇനത്തിൽ അവസരം നഷ്ടപെടുന്നതാണ്.
- നാടകം, കോൽക്കളി, സംഗീത ശിൽപം, വിൽപ്പാട്ട്, ഖവ്വാലി, തെരുവു നാടകം, അറബി ചിത്രീകരണം, ദഫ്മുട്ട്, മൈം എന്നീ ഇനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം റദ്ദ് ചെയ്യപ്പെടുന്നതാണ്. മറ്റ് ഇനങ്ങളിൽ സമയപാലനം മൂല്യനിർണയ മാനദണ്ഡങ്ങളുടെ ഭാഗം മാത്രമായിരിക്കും.
- ഉപന്യാസരചന, ഫോട്ടോഗ്രഫി, ഖുർആൻ ദർസ്, ഹദീസ് ദർസ്, പ്രസംഗം(അറബി, ഇംഗ്ലീഷ്), കവിതാരചന (അറബി), ഡിബേറ്റ്, കൊളാഷ്, പവർപോയന്റ് പ്രസന്റേഷൻ എന്നീ ഇനങ്ങളുടെ വിഷയങ്ങൾ/തീമുകൾ മുൻകൂട്ടി അറിയിക്കുന്നതാണ്.
- വിഷയാധിഷ്ഠിതമായി നടക്കുന്ന മറ്റിനങ്ങളിൽ മത്സരം ആരംഭിക്കുന്നതിന് തൊട്ടുമുമ്പായാണ് വിഷയങ്ങൾ നൽകുക.
- തീം സോംഗ് രചനക്കുള്ള ട്യൂൺ ഗ്രൂപ്പുകൾക്ക് മുൻകൂട്ടി നൽകുന്നതാണ്.
- ലോഗോ ഡിസൈനിംഗ്, പ്രൊമോ വീഡിയോ നിർമാണം, തീം സോംഗ് എന്നീ ഇനങ്ങൾക്ക് സർഗസംഗമവുമായി ബന്ധപ്പെട്ടായിരിക്കും തീം നിശ്ചയിക്കുക.
- ഹിഫ്ളിന് ഖുർആനിലെ നിർണിത ഭാഗങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് നൽകുന്നതാണ്.
- സ്റ്റേജ് ഇനങ്ങളുടെ പിന്നണിയിലും രംഗസജ്ജീകരണത്തിലും പ്രവർത്തിക്കുന്നത് വിദ്യാർഥികൾ തന്നെയായിരിക്കണം.
- മത്സരയിനങ്ങളുടെ അവതരണ ശൈലി, വേഷം തുടങ്ങിയവ ഇസ്‌ലാമിക–ധാർമിക മൂല്യങ്ങളിലധിഷ്ഠിതമായിരിക്കണം. ഇസ്‌ലാമിക സംസ്കാരത്തിനും അൽ ജാമിഅയുടെ സൽപേരിനും കളങ്കം വരുത്തുന്ന യാതൊന്നും സർഗസംഗമത്തിലുടനീളം അനുവദിക്കുന്നതല്ല.
- മേൽ പരാമർശിക്കപ്പെട്ട നിർദ്ദേശങ്ങൾ ലംഘിക്കുന്ന മത്സരങ്ങളിൽ ചെയർമാനുമായി കൂടിയാലോചിച്ച് ജനറൽ കോഡിനേറ്റർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ആവശ്യാനുസൃതം രക്ഷാധികാരിയുമായും കൂടിയാലോചിച്ചായിരിക്കും തീരുമാനം എടുക്കുക.

# ചാപ്റ്റർ 6

## മൂല്യനിർണയോപാധികൾ

**ഉപന്യാസരചന**

നൽകപ്പെടുന്ന വിഷയത്തിൽ ഉപന്യാസം എഴുതൽ.

- ഭാഷാശൈലി, ലാളിത്യം — 25 മാർക്ക്
- അവതരണ രീതി — 25 മാർക്ക്
- വസ്തുതകളും തെളിവുകളും — 25 മാർക്ക്
- വിഷയത്തിലുള്ള അറിവ് — 25 മാർക്ക്

**കവിതാരചന**

നൽകപ്പെടുന്ന വിഷയത്തിൽ കവിത രചിക്കൽ.

- സർഗാത്മകത — 25 മാർക്ക്
- ഭാഷാശൈലി — 25 മാർക്ക്
- കാവ്യാത്മകത — 25 മാർക്ക്
- പ്രതിപാദന രീതി — 25 മാർക്ക്

**കഥാരചന**

നൽകപ്പെടുന്ന വിഷയത്തിൽ കഥ എഴുതൽ.

- ഭാഷാശൈലി — 25 മാർക്ക്
- ആവിഷ്കാരം — 25 മാർക്ക്
- പ്രമേയപരിചരണം — 25 മാർക്ക്
- സർഗാത്മകഭാവന — 25 മാർക്ക്

**പെൻസിൽ ഡ്രോയിംഗ്**

തന്നിട്ടുള്ള മാതൃകയോ ആശയമോ അനുസരിച്ച് ചിത്രരചനാ നിയമങ്ങളോട് നീതി പുലർത്തിക്കൊണ്ടുള്ള വര.

- വിഷയവുമായുള്ള ബന്ധം — 20 മാർക്ക്
- ആകർഷണീയത — 20 മാർക്ക്
- പ്രയോഗസാമർഥ്യം — 20 മാർക്ക്
- രേഖകളുടെയും ഇരുൾവെളിച്ചങ്ങളുടെയും സവിശേഷത — 20 മാർക്ക്
- സംവിധാനം (കോമ്പോസിഷൻ) — 20 മാർക്ക്

**പെയ്ന്റിംഗ് (ജലഛായം)**

നൽകപ്പെടുന്ന വിഷയത്തിലുള്ള തനിമയാർന്ന ആവിഷ്കാരം

- വിഷയത്തിലുള്ള ബന്ധം 20 മാർക്ക്
- ഛായാപ്രയോഗത്തിലെ മികവ് 20 മാർക്ക്
- സംവിധാനം (കോമ്പോസിഷൻ) 20 മാർക്ക്
- ആകർഷണീയത 20 മാർക്ക്
- പൂർണത 20 മാർക്ക്

**ഇസ്‌ലാമിക ഗാനരചന (മലയാളം)**

ഇസ്ലാമിന്റെ ദർശനികസൗന്ദര്യം വിമോചനമൂല്യം, നവോത്ഥാനം, സമരാവേശം, സാഹോദര്യം, രാഷ്ട്രീയബദൽ തുടങ്ങിയ പ്രമേയങ്ങളിലുള്ള ഗാനങ്ങളുടെ രചന. പാട്ടെഴുത്തിന്റെ സാമാന്യമായ നിയമങ്ങൾ പാലിച്ചിരിക്കണം (പല്ലവി, ചരണങ്ങൾ). താളം, ഈണം എന്നിവ നിർദ്ദേശിക്കാവുന്നതാണ്. തനത് മാപ്പിളപ്പാട്ടുകളുടെ ഇശൽ, ഭാഷാരീതി എന്നിവ ഒഴിവാക്കണം.

- കാവ്യഭംഗി 30 മാർക്ക്
- ആശയസമ്പുഷ്ടത 25 മാർക്ക്
- സർഗാത്മകത 25 മാർക്ക്
- ഭാവന 20 മാർക്ക്

**ഹ്രസ്വചിത്ര നിരൂപണം**

പ്രദർശിപ്പിക്കപ്പെടുന്ന ഷോർട്ട് ഫിലിമിനെക്കുറിച്ച് നിരൂപണം എഴുതുക.

- ഭാഷാമികവ് 25 മാർക്ക്
- നിരൂപണത്തിലെ സമഗ്രത 25 മാർക്ക്
- അവതരണശൈലി 25 മാർക്ക്
- സാങ്കേതികപരിജ്ഞാനം 25 മാർക്ക്

**ന്യൂസ് റിപ്പോർട്ടിംഗ്**

പ്രദർശിപ്പിക്കപ്പെടുന്ന വീഡിയോ ആസ്പദമാക്കിയുള്ള പത്ര റിപ്പോർട്ടിംഗ്.

- ഭാഷാശൈലി 20 മാർക്ക്
- ആശയ വ്യക്തത 20 മാർക്ക്
- കുറഞ്ഞ വാക്കുകളിലുള്ള വിഷയാവതരണം 20 മാർക്ക്
- റിപ്പോർട്ടിംഗിലെ വൈവിധ്യം 20 മാർക്ക്
- പൂർണത 20 മാർക്ക്

**ഫോട്ടോഗ്രഫി**

ചിത്രങ്ങൾ തീമിനോട് നീതി പുലർത്തുന്നതും എഡിറ്റ് ചെയ്തതോ ഫിൽട്ടറുകൾ ഉപയോഗിക്കാത്തതോ എ. ഐ സംവിധാനം ഉപയോഗിക്കാത്തതോ ആയിരിക്കേണ്ടതുമാണ്. തീം/വിഷയം പ്രഖ്യാപിച്ചതിന് ശേഷം എടുത്ത ഫോട്ടോയാണ് അടിക്കുറിപ്പ്  എടുത്ത തീയ്യതി എന്നിവയോടൊപ്പം സമർപ്പിക്കേണ്ടത്.

- ആശയവ്യക്തത 20 മാർക്ക്
- ആകർഷണീയത 20 മാർക്ക്
- അടിക്കുറിപ്പ് 20 മാർക്ക്
- ഒറിജിനാലിറ്റി, സാങ്കേതികമികവ് 20 മാർക്ക്
- ക്രിയേറ്റിവിറ്റി 20 മാർക്ക്

**കലിഗ്രഫി(അറബി)**

നൽകപ്പെടുന്ന വിഷയത്തിൽ കലിഗ്രഫി തയ്യാറാക്കുക

- ആകർഷണീയത 25 മാർക്ക്
- വൈവിധ്യം 25 മാർക്ക്
- പൂർണ്ണത 25 മാർക്ക്
- കോമ്പോസിഷൻ 25 മാർക്ക്

**പോസ്റ്റർ ഡിസൈനിംഗ്**

നൽകപ്പെട്ട വിഷയത്തിൽ ഇംഗ്ലീഷ്  ഭാഷയിൽ പോസ്റ്റർ തയ്യാറാക്കുക.

- ആകർഷകമായ ഡിസൈനിംഗ് 25 മാർക്ക്
- കളർ കോമ്പിനേഷൻ 25 മാർക്ക്
- ഡിസൈനിംഗിലെ വ്യതിരിക്തത 25 മാർക്ക്
- സർഗാത്മകത 25 മാർക്ക്

**വിവർത്തനം**

മാതൃകാഖണ്ഡികകൾ ഉന്നത ഭാഷാശൈലിയോടെയും സാഹിത്യഭംഗിയോടെയും ആശയങ്ങൾ ചോർന്ന് പോവാതെ വിവർത്തനം ചെയ്തെഴുതുക.

- ലക്ഷ്യഭാഷക്കനുഗുണമായ ശൈലി 25 മാർക്ക്
- സാഹിത്യഭംഗി 25 മാർക്ക്
- ആശയച്ചോർച്ചയില്ലായ്മ 25 മാർക്ക്
- സംവേദനം 25 മാർക്ക്

**ഫീച്ചറെഴുത്ത്**

ഒരു സംഭവകഥ വായനക്കാരന് മുന്നിൽ ഹൃദ്യമായ ഭാഷയിൽ അവതരിപ്പിക്കൽ. കൃത്യതയില്ലാത്ത വിവരങ്ങൾ കടന്നുകൂടാതെ സത്യസന്ധമായും വസ്തുതകളുടെ പിൻബലത്തിലും അവതരിപ്പിക്കുന്നതോടൊപ്പം രചനക്കായി അത്യാവശ്യം സാഹിത്യവും നാടകീയതയുമാവാം.

- ഭാഷ 25 മാർക്ക്
- വിഷയത്തെ സമീപിച്ചരീതി 25 മാർക്ക്
- വിവരങ്ങളുടെ ആധികാരികത 25 മാർക്ക്
- വിഷയവൈവിധ്യം, തലക്കെട്ട് 25 മാർക്ക്

**ഹ്രസ്വചിത്ര തിരക്കഥാരചന**

10 മിനുട്ടിനുള്ളിൽ തീരാവുന്ന ഷോർട്ട് ഫിലിമിനുള്ള തിരക്കഥ രചിക്കൽ.

- ചിത്രീകരണസാധ്യത 20 മാർക്ക്
- തുടക്കം, ഒടുക്കം 20 മാർക്ക്
- ഷോട്ടിന്റെ വിശദാംശങ്ങൾ 20 മാർക്ക്
- സംഭാഷണ-ദൃശ്യ-ശബ്ദപ്പൊരുത്തം 20 മാർക്ക്
- ക്ലൈമാക്സ് 20 മാർക്ക്

**റീൽ നിർമാണം**

നൽകപ്പെടുന്ന വിഷയത്തെ ആസ്പദമാക്കി നിർണ്ണിതമായ സമയത്തിനുള്ളിൽ 1.30 മിനുട്ടിൽ കവിയാതെ ഇൻസ്റ്റഗ്രാം റീൽ വീഡിയോ തയ്യാറാക്കി പോസ്റ്റ് ചെയ്യൽ. പോസ്റ്റ് ചെയ്തതിൻ്റെ ലിങ്ക് മത്സരത്തിനായി തന്നിരിക്കുന്ന മാധ്യമത്തിലൂടെ എൻട്രികളായി സമർപ്പിക്കുകയും ചെയ്യുക.

- വിഷ്വൽസ് 25 മാർക്ക്
- നിലവാരമുള്ള എഡിറ്റിംഗ് 25 മാർക്ക്
- ഉള്ളടക്കം 25 മാർക്ക്
- അവതരണരീതി 25 മാർക്ക

**സോഷ്യൽ ട്വീറ്റ്**

ആനുകാലിക സംഭവുമായി ബന്ധപ്പെട്ട് നൽകുന്ന വിഷയത്തിൽ തങ്ങളുടെ പ്രതികരണങ്ങൾ എഴുത്തുകളായി 100 വാക്കുകളിൽ കവിയാതെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യൽ. മത്സരത്തിനായി തന്നിരിക്കുന്ന മാധ്യമത്തിലൂടെ എൻട്രികൾ സമർപ്പിക്കുകയും ചെയ്യുക.

- ആശയവ്യക്തത 25 മാർക്ക്
- പ്രതിപാദന രീതി 25 മാർക്ക്
- ചുരുക്കി എഴുതൽ 25 മാർക്ക്

- സാഹിത്യഭംഗി 25 മാർക്ക്

**ഇസ്‌ലാമികഗാനം (മലയാളം/അറബി/ഉറുദു)**

- മനഃപാഠം 20 മാർക്ക്
- സ്വരഭംഗി 20 മാർക്ക്
- താളം 20 മാർക്ക്
- സാഹിത്യഭംഗി, ഭാഷാശൈലി 20 മാർക്ക്
- ശ്രുതിലയം 20 മാർക്ക്

**മാപ്പിളപ്പാട്ട്**

മാപ്പിളത്തനിമയുള്ള പാട്ടുകൾ ശ്രുതിലയതാളത്തിൽ ശബ്ദഭംഗിയോടെ അർഥവ്യത്യാസം വരാതെ ഭാവരസങ്ങൾ ഉൾക്കൊണ്ട് അക്ഷരസ്ഫുടതയോടെ പാടി ഫലിപ്പിക്കൽ. പാടുന്നതിന് മുമ്പേ ഇശൽ, ചരണം, രചയിതാവ് എന്നിവ പരാമർശിക്കണം.

- മനഃപാഠം, പാട്ടുകളുടെ തിരഞ്ഞെടുപ്പ് 20 മാർക്ക്
- സാഹിത്യം 20 മാർക്ക്
- മാപ്പിളത്തനിമ 20 മാർക്ക്
- താളം, ശ്രുതിലയം 25 മാർക്ക്
- അക്ഷരസ്ഫുടത 15 മാർക്ക്

**കവിതാലാപനം (അറബി)**

സ്വന്തം രചനയോ മറ്റാരുടെയെങ്കിലും രചനകളോ ആലപിക്കൽ. അമിതമായ സംഗീതത്തിന് പ്രാധാന്യമില്ല. കവിതയെപ്പറ്റി ഒന്നോ രണ്ടോ വാക്യം മാത്രം മുഖവുര പറയാം. സമയപരിധി പാലിക്കേണ്ടതിനാൽ ഒരു കവിത പൂർണമായി ആലപിക്കണമെന്ന് നിബന്ധനയില്ല.

- മനഃപാഠം 25 മാർക്ക്
- കവിതകളുടെ തിരഞ്ഞെടുപ്പ് 20 മാർക്ക്
- ഉചിതമായഭാവം 20 മാർക്ക്
- ആലാപനഭംഗി 25 മാർക്ക്
- അക്ഷരസ്ഫുടത 10 മാർക്ക്

**കവിയരങ്ങ്**

സ്വന്തമായി എഴുതിയതോ ക്യാമ്പസ്സിൽ പഠിക്കുന്ന വിദ്യാർഥികൾ എഴുതിയതോ ആയ കവിതയുടെ ആലാപനത്തോടെയുള്ള അവതരണം. കവിത എഴുതിയ ആളെ പരാമർശിക്കണം. ആലാപനത്തിന് മുമ്പ് കവിത ജഡ്ജസിന് നൽകണം. സമയപരിധി പാലിക്കേണ്ടതിനാൽ ഒരു കവിത പൂർണമായി ആലപിക്കണമെന്ന് നിബന്ധനയില്ല.

- കവിതയുടെ ഭംഗി 25 മാർക്ക്
- അവതരണ മികവ് 25 മാർക്ക്

- പ്രമേയവും പ്രസക്തിയും 25 മാർക്ക്
- ഭാവം, ആംഗ്യം 25 മാർക്ക്

**ഖുർആൻ പാരായണം**

നൽകപ്പെട്ട ഖുർആനികഭാഗം ശ്രവണമധുരമായി പാരായണം ചെയ്യുക.

- തജ്‌വീദ്  നിയമങ്ങൾ പാലിക്കൽ 30 മാർക്ക്
- അവധാനത 25 മാർക്ക്
- തെറ്റുകൂടാതെ ഓതൽ 25 മാർക്ക്
- ആകർഷകമായ ശബ്ദം, ശൈലി 20 മാർക്ക്

**ഹിഫ്ള്**

ഖുർആനിലെ നിർണിതഭാഗങ്ങൾ മനഃപാഠമാക്കി ശ്രവണമധുരമായി പാരായണം ചെയ്യൽ.

- മനഃപാഠം 30 മാർക്ക്
- തെറ്റുകൂടാതെ ഓതൽ, അവധാനത 20 മാർക്ക്
- തജ്‌വീദ് നിയമങ്ങൾ 30 മാർക്ക്
- ആകർഷകമായശബ്ദം, ശൈലി 20 മാർക്ക്

**ബാങ്ക്‌വിളി**

- ശബ്ദഭംഗി 25 മാർക്ക്
- സ്ഫുടത 25 മാർക്ക്
- ശബ്ദത്തിന്റെ നിമ്നോന്നതികൾ 25 മാർക്ക്
- തെറ്റില്ലായ്മ 25 മാർക്ക്

**വായനാമത്സരം**

മാതൃകാഖണ്ഡിക വായനാനിയമങ്ങൾ പാലിച്ച് വായിക്കുക.

- ഉച്ചാരണശുദ്ധി, ശൈലി 20 മാർക്ക്
- വ്യാകരണനിബന്ധന 20 മാർക്ക്
- മിതമായ വേഗത 20 മാർക്ക്
- ശബ്ദനിയന്ത്രണം 20 മാർക്ക്
- വ്യക്തത 20 മാർക്ക്

**ഖുർആൻ ദർസ്**

നൽകപ്പെടുന്ന ഖുർആൻ സൂക്തത്തിന്റെ കേന്ദ്രപ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ള അവതരണം. ഖുർആൻ, ഹദീസ്, ആധികാരിക തഫ്സീർ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കാലികവ്യാഖ്യാനം.

- വിഷയസമർഥനം 25 മാർക്ക്
- ആധികാരിക ഉദ്ധരണികൾ 25 മാർക്ക്
- ആശയസ്ഫുടത 20 മാർക്ക്

- തുടക്കം, ഒഴുക്ക്, ഒടുക്കം — 20 മാർക്ക്
- സഭാകമ്പരാഹിത്യം — 10 മാർക്ക്

**ഹദീസ് ദർസ്**

നൽകപ്പെടുന്ന ഹദീസിന്റെ കേന്ദ്രപ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ള അവതരണം. ഖുർആൻ, ഹദീസ്, ആധികാരിക ഹദീസ് വിശദീകരണ കൃതി എന്നിവയിൽ നിന്നുള്ള ഉദ്ധരണികൾ.

- ആധികാരിക ഉദ്ധരണികൾ — 25 മാർക്ക്
- വിഷയസമർഥനം — 25 മാർക്ക്
- ആശയസ്ഫുടത — 20 മാർക്ക്
- തുടക്കം, ഒഴുക്ക്, ഒടുക്കം — 20 മാർക്ക്
- സഭാകമ്പ രാഹിത്യം — 10 മാർക്ക്

**പ്രസംഗം**

നൽകപ്പെടുന്ന വിഷയം ഭാഷാശുദ്ധിയോടെയും അക്ഷരസ്ഫുടതയോടെയും ആധികാരിക ഉദ്ധരണികൾ സഹിതം ആവർത്തനങ്ങൾ ഒഴിവാക്കി സംസാരിക്കൽ. വാക്കുകളും ആശയങ്ങളും മുറിഞ്ഞുപോവാതിരിക്കണം.

- ശബ്ദക്രമീകരണം — 15 മാർക്ക്
- ഉചിതമായ ഭാവപ്രകടനം — 15 മാർക്ക്
- ആശയവ്യക്തത — 20 മാർക്ക്
- വിഷയസമർഥനം, സമയപാലനം — 30 മാർക്ക്
- ഭാഷാശുദ്ധി — 20 മാർക്ക്

**നിമിഷപ്രസംഗം**

വിഷയം ലഭിക്കുന്ന നിമിഷത്തിൽതന്നെ ആ വിഷയത്തെക്കുറിച്ച് മൂന്ന് മിനുട്ടിൽ കവിയാതെയുള്ള പ്രസംഗം.

- സഭാകമ്പരാഹിത്യം — 25 മാർക്ക്
- ഒഴുക്ക്, വിഷയസമർഥനം — 25 മാർക്ക്
- അവതരണം, സമയപാലനം — 25 മാർക്ക്
- ഭാഷാശുദ്ധി — 25 മാർക്ക്

**മോണോലോഗ്**

ഒരു സംഭവമോ സംഭവത്തിന്റെ ഭാഗമോ ആ സംഭവത്തിലുൾപ്പെട്ട കഥാപാത്രമായി നിന്ന് കൊണ്ട് അവതരിപ്പിക്കുക.

- ആശയവ്യക്തത, പ്രമേയം — 20 മാർക്ക്
- അവതരണം — 20 മാർക്ക്
- അഭിനയം — 25 മാർക്ക്
- സംഭാഷണം, അക്ഷരസ്ഫുടത — 15 മാർക്ക്
- കഥാപാത്രവൽക്കരണം — 20 മാർക്ക്

**എ.എൽ.ജെ. ടോക്**

ബഹുമുഖ വിജ്ഞാനീയങ്ങളിൽ നിന്ന് സവിശേഷമായ ഒരു വിഷയം തിരഞ്ഞെടുക്കുകയും അത് ആഴത്തിൽ പഠിച്ച് ഹ്രസ്വരൂപത്തിൽ ഒരു അവതരണം തയ്യാറാക്കുകയും ചെയ്യുക. സാമൂഹിക പ്രസക്തിയുള്ള ഒരു വിഷയം വ്യതിരിക്തമായ പരിപ്രേക്ഷ്യത്തിൽ കുറഞ്ഞ സമയത്തിനുള്ളിൽ അനുവാചകരിൽ സ്വാധീനം ചെലുത്തും വിധം അവതരിപ്പിക്കുക.

- വിഷയാവതരണം 25 മാർക്ക്
- മുഖവുര, വിഷയക്രമീകരണം, സമാപനം 25 മാർക്ക്
- ശരീരഭാഷ, സഭാകമ്പരാഹിത്യം, ശബ്ദക്രമീകരണം 25 മാർക്ക്
- ഭാഷാശുദ്ധി 25 മാർക്ക്

**ഹ്രസ്വചിത്ര നിർമാണം**

പ്രസക്തമായൊരു പ്രമേയം 10 മിനുട്ടിനുള്ളിൽ സാങ്കേതിക മികവോടെ ആവിഷ്കരിക്കുക.

- പ്രമേയം 15 മാർക്ക്
- സംവിധാനം 25 മാർക്ക്
- ക്യാമറ 25 മാർക്ക്
- എഡിറ്റിംഗ് 20 മാർക്ക്
- അവതരണം 15 മാർക്ക്

**കൊളാഷ്**

പേപ്പർ കട്ടിംഗ്, ഫോട്ടോ, തുണി, റിബൺ, ഇല എന്നീ ആവശ്യമായ വസ്തുക്കൾ ഉപയോഗിച്ച് നൽകപ്പെടുന്ന വിഷയത്തിലുള്ള ആശയരൂപീകരണം. ഛായങ്ങൾ ഉപയോഗിക്കരുത്.

- വിഷയവുമായുള്ള ബന്ധം 20 മാർക്ക്
- കോമ്പിനേഷൻ 20 മാർക്ക്
- ആകർഷണീയത 20 മാർക്ക്
- പൂർണത 20 മാർക്ക്
- വിവിധ മാധ്യമങ്ങളുടെ സങ്കലനം 20 മാർക്ക്

**കാർട്ടൂൺ രചന**

ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് നൽകപ്പെടുന്ന ഒരു വിഷയത്തിൽ കാർട്ടൂൺ വരക്കൽ.

- ആക്ഷേപഹാസ്യ സാമൂഹ്യവിമർശനം 20 മാർക്ക്
- രചനാശൈലി 20 മാർക്ക്
- നർമ്മവും തീക്ഷ്ണതയും 20 മാർക്ക്
- വിഷയവുമായുള്ള ബന്ധം 20 മാർക്ക്
- സംവിധാനം (കോമ്പോസിഷൻ) 20 മാർക്ക്

**അക്ഷരശ്ലോകം (മലയാളം)**

താഴെ പറയുന്ന നിബന്ധനകൾ പാലിച്ചു കൊണ്ട് കവിതകൾ, പദ്യങ്ങൾ വ്യക്തതയോടും സ്ഫുടതയോടും കൂടി ചൊല്ലുക:

- ഒരു വരിയിൽ ചുരുങ്ങിയത് 8 അക്ഷരങ്ങളുണ്ടായിരിക്കണം.

- മലയാളത്തിൽ നടപ്പുള്ള വൃത്തങ്ങളിൽ പെട്ട നാലു വരിയാണ് ചൊല്ലേണ്ടത്.
- സമവൃത്തങ്ങളും അർധസമവൃത്തങ്ങളും ചൊല്ലാം.
- വിഷമവൃത്തങ്ങൾ, ശിഥിലവൃത്തങ്ങൾ ചൊല്ലാവതല്ല.
- (ഋ, ഘ, ങ, ഛ, ത്സ, ട, ഠ, ഡ, ഢ, ണ, ഥ, ഫ, ബ, ഷ, ള, ഴ, റ) എന്നീ അക്ഷരങ്ങൾ അക്ഷരശ്ലോകത്തിൽ മൂന്നാമത്തെ വരിയിലെ ആദ്യാക്ഷരമായി വരാവതല്ല.
- കൂട്ടക്ഷരങ്ങളിൽ തുടങ്ങുന്ന മൂന്നാമത്തെ വരിക്ക് രണ്ടിലേതെങ്കിലുമൊരു അക്ഷരം കൊണ്ട് തുടങ്ങിയാൽ മതി.
- ഒരു വരിയുടെ പോലും ആവർത്തനം അനുവദിക്കുന്നതല്ല.
- മത്സരസമയത്ത് പുറമേ നിന്നുള്ള സഹായം തേടാവതല്ല. നോട്ട്ബുക്കുകൾ, പേപ്പർ തുണ്ടുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവ കൂടെക്കരുതുവാൻ പാടില്ല.
- ആശയവിനിമയോപകരണങ്ങൾ ഉപയോഗിക്കരുത്.
- അനുവദിച്ച ഒരു മിനുട്ടിൽ കവിത ചൊല്ലാത്തപക്ഷം ഒരു അവസരം നഷ്ടപ്പെടുന്നതാണ്. മൂന്നവസരങ്ങൾ നഷ്ടമാകുന്ന ഗ്രൂപ്പ് മത്സരത്തിൽ നിന്ന് പുറത്താവുന്നതാണ്.
- രണ്ട് മണിക്കൂറിനുള്ളിൽ മത്സരം അവസാനിച്ചില്ലെങ്കിൽ അവതരണത്തിന്റെ ഭംഗി, കവിതകളുടെ തിരഞ്ഞെടുപ്പ്, ഗ്രൂപ്പ് അംഗങ്ങളുടെ പങ്കാളിത്തം, നൽകുന്ന അക്ഷരങ്ങളുടെ വൈവിധ്യം എന്നിവ പരിഗണിച്ച് വിജയികളെ നിശ്ചയിക്കാൻ വിധികർത്താക്കൾക്ക് സ്വാതന്ത്ര്യമുണ്ട്.
- വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ക്വിസ്**

- ഗ്രൂപ്പിനെ പ്രതിനിധീകരിക്കുന്ന 3 പേരടങ്ങുന്ന ഒരു ടീമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. വ്യത്യസ്തമായ വിഷയങ്ങളെ അധികരിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

**മുശാഅറ (അക്ഷരശ്ലോകം അറബി)**

ഒരു ടീം ഒരു വരി ആലപിക്കുകയും ആ വരിയുടെ (ബൈത്) അവസാന അക്ഷരം കൊണ്ട് അടുത്ത ടീം ആരംഭിക്കുകയും ചെയ്യുകയാണ് മുശാഅറയുടെ രീതി.

- പരമ്പരാഗത അറബി കവിതയുടെ രീതിയിലുള്ള വരികൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.
  **(موزون – مقفى –عمودي)**
- പ്രസിദ്ധീകരിക്കപ്പെട്ട കവിതകളിൽ നിന്നുള്ളതായിരിക്കണം ആലപിക്കപ്പെടുന്ന വരികൾ.
- ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ കവിതകളുടെ സ്രോതസ്സ് കാണിക്കാൻ മത്സരാർഥികൾ ബാധ്യസ്ഥരായിരിക്കും.

**ഡിബേറ്റ്**

നൽകപ്പെടുന്ന വിഷയത്തിൽ ടീമുകൾ തമ്മിൽ പ്രതിപക്ഷബഹുമാനത്തോടെയുള്ള സംവാദം.
**അനുബന്ധം 3 കാണുക.**

- പ്രമാണബദ്ധത (റഫറൻസ്) — 30 മാർക്ക്
- വിഷയത്തെക്കുറിച്ച ധാരണ — 25 മാർക്ക്
- വാദങ്ങളുടെ ന്യായീകരണം — 25 മാർക്ക്
- ഭാഷാമികവ് — 20 മാർക്ക്

**ലൈവ് ട്രാൻസ്ലേഷൻ**

നൽകപ്പെടുന്ന വിഷയത്തിൽ ടീമിലെ ഒരംഗം പ്രസംഗിക്കുകയും രണ്ടാമത്തെ ആൾ അതിന്റെ വിവർത്തന ഭാഷണം നിർവ്വഹിക്കുകയും ചെയ്യുക.

- ആശയഗ്രഹണം — 25 മാർക്ക്
- വ്യക്തത — 25 മാർക്ക്
- ഭാഷാമികവ് — 25 മാർക്ക്
- അവതരണമികവ് — 25 മാർക്ക്

**കഥാപ്രസംഗം**

ചരിത്രസംഭവങ്ങളോ കാലികവിഷയങ്ങളോ ആസ്പദമാക്കി ഗദ്യ–പദ്യസമ്മിശ്ര അവതരണം. ധാർമിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പ്രമേയം. സ്വരചന ആണെങ്കിൽ പ്രേത്യേകം പരാമർശിക്കണം. കഥാപ്രസംഗ ത്തിന് കാഥികൻ, ഗായകൻ എന്നിവ കൂടാതെ പിന്നണിയിൽ തബല/മൃദംഗം, ഹാർമോണിയം, വയലിൻ എന്നിവക്കായി മൂന്ന് കുട്ടികൾ വരെയാകാം.

- ഭാഷാശുദ്ധി, ഉച്ചാരണശുദ്ധി — 20 മാർക്ക്
- ആശയാവിഷ്കാരം — 20 മാർക്ക്
- ഭാവപ്രകടനം, ശബ്ദക്രമീകരണം — 20 മാർക്ക്
- സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ് — 20 മാർക്ക്
- സ്വരചന — 20 മാർക്ക്

**പവർപോയിന്റ് പ്രസന്റേഷൻ (ഇംഗ്ലീഷ്)**

നേരത്തേ നൽകപ്പെട്ട വിഷയത്തിൽ മൈക്രോസോഫ്റ്റ് പവർപോയിന്റിന്റെ/സ്ലൈഡ് ഷോ സഹായത്തോടെയുള്ള അവതരണം. യോജിച്ച ഫോട്ടോ, വീഡിയോ, ഓഡിയോ എന്നിവയാവാം.

- വിഷയക്രമീകരണം — 20 മാർക്ക്
- ആശയാവിഷ്കാരം — 20 മാർക്ക്
- മുഖവുര, സമാപനം — 20 മാർക്ക്
- അവതരണം — 20 മാർക്ക്
- സാങ്കേതിക മികവ് — 20 മാർക്ക്

**സംഘഗാനം (മലയാളം, അറബി, ഇംഗ്ലീഷ്, ഉറുദു)**

- സംഘാംഗങ്ങളുടെ ആലാപനപ്പൊരുത്തം — 20 മാർക്ക്
- ആശയം ഗ്രഹിച്ചുള്ള ആലാപനം — 20 മാർക്ക്
- സംഗീതാത്മകത — 20 മാർക്ക്
- ശ്രുതിലയം, താളം — 20 മാർക്ക്
- ഗാനങ്ങളുടെ തിരഞ്ഞെടുപ്പ് — 20 മാർക്ക്

**ദഫ്മുട്ട്**

ഇസ്‌ലാമിക ബൈത്ത്/പാട്ട്. ശിർക്ക്പരമായ ആശയങ്ങൾ അനുവദനീയമല്ല, അത്തരം പരിപാടികൾ ഡി സ്ക്വാളിഫൈ ചെയ്യുന്നതാണ്. ഒറ്റമുട്ട്, മൂന്ന്മുട്ട്, അഞ്ച്മുട്ട്, കൈയിൻമുട്ട്, കേറിമുട്ട് ഇവയിലേതെങ്കിലും നാല് താളം. പരമ്പരാഗതവേഷം (വെള്ളമുണ്ട്, വെള്ള ഷർട്ട്/ജുബ്ബ, തലപ്പാവ്).

- താളം, സ്വരഭംഗി, മെയ് വഴക്കം — 25 മാർക്ക്
- ബൈത്ത്, അക്ഷരസ്ഫുടത — 25 മാർക്ക്

- വാദ്യ വാദനം 25 മാർക്ക്
- അവതരണം 25 മാർക്ക്

**മൈം**

സാമൂഹികസന്ദേശങ്ങളുൾക്കൊള്ളുന്ന പ്രമേയമായിരിക്കണം. ലൈവ്/റെക്കോഡഡ് പശ്ചാത്തല സംഗീതം പിന്നണിയിലാവാം. വരികളോ വാചകങ്ങളോ ഉണ്ടാവരുത്.

- വേഷാലങ്കാരം 20 മാർക്ക്
- അഭിനയം 20 മാർക്ക്
- പരസ്പരയോജിപ്പ് 20 മാർക്ക്
- പ്രമേയ തെരെഞ്ഞെടുപ്പ് 20 മാർക്ക്
- അവതരണം 20 മാർക്ക്

**നാടകം (ഏകാങ്കം)**

വിദ്യാർഥികളുടെ സ്വന്തം രചനയോ മറ്റു രചയിതാക്കളുടെ രചനയോ ആവാം. പിന്നണിയിലും വിദ്യാർഥികൾ തന്നെയായിരിക്കണം. പിൻശീല, ആവശ്യമായ ഫർണിച്ചറുകൾ തുടങ്ങിയവ അതത് ഗ്രൂപ്പുകൾ മുൻകൂട്ടി ഏർപ്പാട് ചെയ്യണം. രംഗസജ്ജീകരണത്തിന് 15 മിനുട്ടിൽ കൂടുതലെടുക്കാൻ പാടില്ല. പശ്ചാത്തലസംഗീതം ഉപയോഗിക്കാം.

- കഥാവസ്തു 20 മാർക്ക്
- അഭിനയം 20 മാർക്ക്
- സംഭാഷണം 20 മാർക്ക്
- സംവിധാന മികവ്, അവതരണം 20 മാർക്ക്
- ക്ലൈമാക്സ്, നാടകീയത 20 മാർക്ക്

**കോൽക്കളി**

ഇമ്പമാർന്ന തനിമയുള്ള മാപ്പിളപ്പാട്ടുകളാണ് കോൽക്കളിയിൽ പാടേണ്ടത്. 12 പേരാണ് സംഘത്തിലുണ്ടാവേണ്ടത്. തിരിഞ്ഞും മറിഞ്ഞുമുള്ള അവതരണം, മെയ്‌വഴക്കം. കോലടിയുടെ താളത്തിനൊത്തായിരിക്കണം പാട്ട് പാടേണ്ടത്. കളിക്കാർ തന്നെ പാടണം. ആശാൻ വായ്ത്താരി പാടിക്കൊടുക്കുകയും കളിക്കാർ ഏറ്റുപാടുകയും ചെയ്യണം. പരമ്പരാഗത വേഷം (കള്ളിമുണ്ട്, കൈയുള്ള ബനിയൻ, അരപ്പട്ട, ടവൽ).

- പാട്ടിന്റെ തനിമ 20 മാർക്ക്
- താളവും കോലടക്കവും 25 മാർക്ക്
- മെയ്‌തായം 15 മാർക്ക്
- ചുവടുവെപ്പ് 25 മാർക്ക്
- തനിമയാർന്ന അവതരണം 15 മാർക്ക്

**സംഗീതശിൽപം**

ലൈവ്/റെക്കോഡഡ് ഗാനങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള ആശയാവിഷ്കാരം. സ്വരചന ആണെങ്കിൽ പ്രത്യേകം പരാമർശിക്കണം.

- ഗാനത്തിനനുസരിച്ചുള്ള ആശയാവിഷ്കാരം 20 മാർക്ക്
- അഭിനയം, വേഷം, ശിൽപഭംഗി 20 മാർക്ക്

- അവതരണം, യോജിപ്പ് 20 മാർക്ക്
- ആശയത്തിന്റെ മികവ് 20 മാർക്ക്
- സ്വരചന 20 മാർക്ക്

**വിൽപ്പാട്ട്**

ആനുകാലിക സംഭവങ്ങൾ ഒരു വില്ലിന്റെ പശ്ചാത്തലത്തിൽ ഹാസ്യാത്മകമായി അവതരിപ്പിക്കൽ. വ്യക്തിയാക്ഷേപങ്ങളും അവഹേളനങ്ങളും പാടില്ല. വിഷയങ്ങൾ ഗദ്യപദ്യ സമ്മിശ്രമായി അവതരിപ്പിക്കണം. പ്രമേയങ്ങൾ ധാർമിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും സംഭാഷണങ്ങൾ ശ്ലീലവുമാവണം.

- അഭിനയം 20 മാർക്ക്
- ആശയാവിഷ്കാരം, മനഃപാഠം 20 മാർക്ക്
- സംഭാഷണത്തിലെ സ്വാഭാവികത 20 മാർക്ക്
- വിഷയങ്ങളുടെ പരസ്പരയോജിപ്പ് 20 മാർക്ക്
- ശ്ലീലമായഹാസ്യം 20 മാർക്ക്

**ഖവ്വാലി (ഉറുദു)**

അല്ലാഹുവിനെയോ പ്രവാചകനെയോ കുറിച്ചുള്ള സ്തുതി ഗീതങ്ങൾ വിവിധ സംഗീതോപകരണങ്ങളുടെയും താളത്തിന്റെയും അകമ്പടിയോടെ ശ്രുതിമധുരമായി ആലപിക്കൽ.

- വരികളുടെ സാഹിത്യഭംഗി 20 മാർക്ക്
- ശ്രുതി, താളം 20 മാർക്ക്
- ഗായകരും വാദ്യങ്ങളും തമ്മിലുള്ള യോജിപ്പ് 20 മാർക്ക്
- ആശയത്തിനനുസരിച്ച ഭാവം 20 മാർക്ക്
- ഗാനങ്ങളുടെ തിരഞ്ഞെടുപ്പ് 20 മാർക്ക്

**തെരുവുനാടകം**

ധാർമിക സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതും തെരുവിനോട് സംവദിക്കുന്നതുമായ പ്രമേയം അഭിനയരീതികളിലൂടെ അവതരിപ്പിക്കൽ. വ്യക്തിഹത്യ, നിന്ദ എന്നിവ പാടില്ല. ആവശ്യമായ സാമഗ്രികളും വേഷങ്ങളും ആകാവുന്നതാണ്. ഗ്രൂപ്പംഗങ്ങൾ തന്നെ തയ്യാറാക്കിയതാവണം.

- അഭിനയം 20 മാർക്ക്
- പ്രമേയം 20 മാർക്ക്
- സംഘാംഗങ്ങൾ പരസ്പരമുള്ളയോജിപ്പ് 20 മാർക്ക്
- തെരുവിന്റെ ഘടനക്കനുസരിച്ച സംവിധാനം 20 മാർക്ക്
- അവതരണം 20 മാർക്ക്

**ചിത്രീകരണം (അറബി)**

കാലികമോ അല്ലാത്തതോ ആയ വിഷയങ്ങളെയോ സംഭവങ്ങളെയോ പ്രമേയമാക്കി ആശയവ്യക്തതയോടെയും നാടകീയതയോടെയുമുള്ള ലഘു അവതരണം. പ്രമേയങ്ങൾ ധാർമികമൂല്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. ഉചിതമായ വേഷം, പശ്ചാത്തല സംഗീതം തുടങ്ങിയവ ആവാം. പിന്നണിയിൽ വിദ്യാർഥികൾ തന്നെയാവണം.

- പ്രമേയം 20 മാർക്ക്

- മനഃപാഠം 20 മാർക്ക്
- അഭിനയം 20 മാർക്ക്
- സംഭാഷണം 20 മാർക്ക്
- അവതരണം 20 മാർക്ക്

**തീം സോംഗ്**

സർഗസംഗമം പ്രമേയമായി വരുന്ന ഒരു പാട്ടെഴുതുക.

- കാവ്യഭംഗി 25 മാർക്ക്
- ആശയസമ്പുഷ്ടത 25 മാർക്ക്
- സർഗാത്മകത 25 മാർക്ക്
- ഭാവന 25 മാർക്ക്

**ലോഗോ ഡിസൈനിംഗ്**

സർഗസംഗമം പ്രമേയമായി വരുന്ന ഒരുലോഗോ സോഫ്റ്റ് കോപ്പിയായി സമർപ്പിക്കുക.

- ആശയം 25 മാർക്ക്
- ആകർഷണീയത 25 മാർക്ക്
- കളർ കോമ്പിനേഷൻ 25 മാർക്ക്
- സർഗാത്മകത 25 മാർക്ക്

**പ്രൊമോ വീഡിയോ നിർമാണം**

സർഗസംഗമത്തെക്കുറിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ (ഒന്നര മിനുട്ടിൽ കൂടാത്ത) ഒരു വീഡിയോ തയ്യാറാക്കൽ.

- വിഷ്വൽസ് 25 മാർക്ക്
- നിലവാരമുള്ള എഡിറ്റിംഗ് 25 മാർക്ക്
- ഉള്ളടക്കം 25 മാർക്ക്
- അവതരണരീതി 25 മാർക്ക്

# ചാപ്റ്റർ 7

## വിധിനിർണയം & അപ്പീൽ

- ജഡ്ജസ് സബ് കമ്മിറ്റി നിർദ്ദേശിക്കുകയും ചെയർമാൻ അംഗീകരിക്കുകയും ചെയ്ത വിധികർത്താക്കളുടെ പാനലായിരിക്കും ഓരോ മത്സരങ്ങളുടെയും വിധിനിർണയം നടത്തുക.
- മത്സരയിനങ്ങളുടെ മൂല്യനിർണയോപാധികൾ അടങ്ങിയ സ്കോർഷീറ്റ്, റിസൾട്ട്& ടാബുലേഷൻ കമ്മിറ്റി വിധികർത്താക്കൾക്ക് നൽകുന്നതാണ്.
- സ്കോർഷീറ്റുകളിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന തരത്തിൽ വെട്ടലുകളും തിരുത്തലുകളും നടത്താൻ പാടില്ല. സ്കോർഷീറ്റിൽ തിരുത്തലുകൾ നടത്തുന്നപക്ഷം വിധികർത്താക്കൾ അതിലൊപ്പിട്ടിരിക്കേണ്ടതാണ്.
- സർഗസംഗമത്തിന് ചെയർമാന്റെ അഭിപ്രായമനുസരിച്ച് രക്ഷാധികാരിയും ഉപദേശക സമിതിയംഗങ്ങളും ചേർന്ന് തീരുമാനിക്കുന്ന ഒരു അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയംഗങ്ങളെ ചെയർമാൻ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതാണ്.
- വിധിനിർണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ മത്സരാർഥികൾക്ക് അപ്പീലിനായി അപേക്ഷിക്കാവുന്നതാണ്. ഗ്രൂപ്പ് മാനേജർമാർ മുഖേന സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.
- അപ്പീലിനുള്ള അപേക്ഷ മത്സരഫല പ്രഖ്യാപനം കഴിഞ്ഞ് ഒരു മണിക്കൂറിനകം നിർദ്ദിഷ്ട ഫോറം പൂരിപ്പിച്ച് നൂറ് രൂപയോടൊപ്പം സർഗസംഗമം ജനറൽ കൺവീനറെ ഏൽപ്പിക്കണം. അപ്പീലിന് അനുകൂല തീരുമാനം ഉണ്ടാവുന്നപക്ഷം ആ തുക തിരികെ നൽകുന്നതാണ്.
- ഫലപ്രഖ്യാപനത്തിന്റെ ഒരു മണിക്കൂറിന് ശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
- വിധിനിർണയവുമായി ബന്ധപ്പെട്ട യാതൊരുവിധ പരാതികൾക്കും വിധികർത്താക്കളുമായിബന്ധപ്പെടരുത്.
- മത്സരഫലങ്ങളുമായി ബന്ധപ്പെട്ട പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പഠിച്ച് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് സർഗസംഗമം നിയമാവലി പ്രകാരം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളും.
- മുഴുവൻ പരാതികളിലും അപ്പീൽ കമ്മിറ്റി കൈക്കൊള്ളുന്ന തീരുമാനം അന്തിമമാണ്. അന്തിമ വിധിതീർപ്പ് അംഗീകരിക്കാത്ത വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും പ്രസ്തുത മത്സര ഫലങ്ങൾ മരവിപ്പിക്കുന്നതുൾപ്പടെയുള്ള തീരുമാനങ്ങളെടുക്കാൻ അപ്പീൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.ചെയർമാന്റെ അനുവാദത്തോടെയായിരിക്കണം പ്രസ്തുത തീരുമാനം കൈകൊള്ളേണ്ടത്.

# ചാപ്റ്റർ 8

## ഗ്രേഡ്സ്& പോയിന്റ്സ്

**സ്ഥാനങ്ങളും ഗ്രേഡുകളും**

വിധികർത്താക്കളുടെ വിധിനിർണയത്തെ അടിസ്ഥാനപ്പെടുത്തി വിജയികൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും താഴെ കൊടുത്തവിധം ഗ്രേഡുകളും നൽകുന്നതാണ്.

| ഗ്രേഡ് | മാർക്ക് ശതമാനം |
|---|---|
| A | 80 % മോ അതിലധികമോ മാർക്ക് |
| B | 70 % മുതൽ 80% ന് താഴെ വരെ മാർക്ക് |
| C | 60 % മുതൽ 70% ന് താഴെ വരെ മാർക്ക് |

**പോയിന്റുകൾ**

ഗ്രേഡുകൾക്കും സ്ഥാനങ്ങൾക്കും താഴെ കൊടുത്തവിധം പോയിന്റ് കണക്കാക്കുന്നതാണ്.

| ഗ്രേഡ് | ലഭിക്കുന്ന പോയിന്റ് |
|---|---|
| A | 5 |
| B | 3 |
| C | 1 |

| വ്യക്തിഗതമത്സരങ്ങൾ | | ഗ്രൂപ്പിനമത്സരങ്ങൾ | |
|---|---|---|---|
| സ്ഥാനം | പോയിന്റ് | സ്ഥാനം | പോയിന്റ് |
| FIRST | 5 | FIRST | 10 |
| SECOND | 3 | SECOND | 5 |
| THIRD | 1 | THIRD | 3 |

**കലാപ്രതിഭ**

വ്യക്തിഗതയിനങ്ങളിൽ ഒരു മത്സരാർത്ഥിക്ക് ലഭിക്കുന്ന പോയിന്റുകൾ കണക്കുകൂട്ടി ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന മത്സരാർഥിയെ കലാപ്രതിഭയായി തെരെഞ്ഞെടുക്കുന്നതാണ്. പി.ജിക്ക് ഉണ്ടായിരിക്കുന്നതല്ല.

# ചാപ്റ്റർ 9

## പൊതുനിർദ്ദേശങ്ങൾ

- അൽജാമിഅയുടെ വാർഷിക കലണ്ടർ പ്രകാരമായിരിക്കും സർഗസംഗമം നടക്കുക.
- അൽജാമിഅയിലെ മുഴുവൻ ഫാക്കൽറ്റികളിലെയും അധ്യാപകർ, അധ്യാപകേതരജീവനക്കാർ, വിദ്യാർഥികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെയാണ് സർഗസംഗമം സംഘടിപ്പിക്കുക.
- സർഗസംഗമത്തിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന വർക്കെതിരെ കർശനമായ നടപടിയെടുക്കുന്നതായിരിക്കും.
- ആർഭാടങ്ങളും ധൂർത്തും സ്ഥാപന സംവിധാനങ്ങളുടെയും സൗകര്യങ്ങളുടെയും ദുരുപയോഗവും ഒഴിവാക്കുക.
- സർഗസംഗമത്തിൽ അവതരിപ്പിക്കുന്ന പരിപാടികളുടെ ഉള്ളടക്കങ്ങളും ഗാനങ്ങളും പ്രമേയങ്ങളും സദുദ്ദേശപരവും ധാർമികമായ പരിധികൾ പാലിക്കുന്നതുമായിരിക്കണം.

**അനുബന്ധം 1**

**മാതൃകാഫോറം**

**അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷ**

1. മത്സരാർഥിയുടെ പേര് :
2. ക്ലാസ്സ് :
3. ഗ്രൂപ്പ് :
4. മത്സരയിനം :
5. വേദിയുടെ പേരും നമ്പറും : :
6. കോഡ് നമ്പർ :
7. മത്സരത്തിൽ ലഭിച്ച സ്ഥാനം :
8. മത്സരം നടന്ന തീയതിയും സമയവും :
9. വിധിപ്രഖ്യാപനം നടത്തിയ തീയതിയും സമയവും :
10. അപ്പീൽ സമർപ്പിക്കാനുള്ള കാരണം :
11. മത്സരാർഥിയുടെ ഒപ്പ് :
12. ഗ്രൂപ്പ് ലീഡറുടെ പേരും ഒപ്പും :
13. ഗ്രൂപ്പ് മാനേജരുടെ പേരും ഒപ്പും :
14. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും :

……………………………………………………………………………………………………

**ഓഫീസ് ഉപയോഗത്തിന്**

1. അപ്പീൽ നമ്പർ :
2. അപ്പീൽ ഫീസിന്റെ രസീത് നമ്പറും തീയതിയും :
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം :
4. റിമാർക്സ് :

ഒപ്പ്

ജനറൽ കൺവീനർ

സർഗസംഗമം

**അനുബന്ധം 2**

**മാതൃകാഫോറം**

**അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്**

വിഷയം :

സൂചന :

ഉത്തരവ് നമ്പർ ..............................തീയതി........................

(മത്സരാർഥിയുടെ പരാതിയുടെ വിശദാംശം)

(കാര്യകാരണ വിശകലന റിപ്പോർട്ട്)

(അപ്പീലിന്മേലുള്ള തീരുമാനം)

മത്സരാർഥിയുടെ പേരുംഗ്രൂപ്പും:

ഒപ്പ് ഒപ്പ്

ജനറൽ കോഡിനേറ്റർ ചെയർമാൻ, അപ്പീൽ കമ്മറ്റി

# അനുബന്ധം 3

### ഡിബേറ്റ് : മാർഗനിർദ്ദേശങ്ങൾ

മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒരു വിഷയത്തെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വാദപ്രതിവാദങ്ങൾ

- രണ്ട് അംഗങ്ങളടങ്ങിയതായിരിക്കും ഒരു ടീം
- വിഷയം ഒരു ദിവസം മുമ്പ് നൽകുന്നതാണ്.
- ഇസ്‌ലാമിക പ്രമാണങ്ങളിലൂന്നിയാണ് ടീമുകൾ വിഷയങ്ങളെ സമീപിക്കേണ്ടത്അങ്ങനെയല്ലാത്ത വിഷയങ്ങളിൽ അതത് സമയങ്ങളിൽ സംഘാടക സമിതി തീരുമാനം അറിയിക്കുന്നതാണ്.
- ഓരോ ടീമിനും രണ്ട് മത്സരങ്ങൾ ഉണ്ടായിരിക്കും.ഒന്ന് അനുകൂലിച്ചും രണ്ട് പ്രതികൂലിച്ചും.
- ഓരോ ടീമിന്റെയും ആദ്യ റൗണ്ട് എതിർ ടീമിനെ നറുക്കെടുപ്പിലൂടെ തീരുമാനിക്കും.
- ആദ്യ റൗണ്ടിലെ മത്സരങ്ങളിൽ അനുകൂലിച്ച ടീമും രണ്ടാം മത്സരത്തിൽ പ്രതികൂലിച്ച ടീമും തമ്മിൽ യഥാക്രമം പ്രതികൂലിച്ചും അനുകൂലിച്ചും രണ്ടാം റൗണ്ടിൽ മത്സരിക്കും.
- ആദ്യ മത്സരത്തിൽ പ്രതികൂലിച്ച ടീമും രണ്ടാം മത്സരത്തിൽ അനുകൂലിച്ച ടീമും തമ്മിൽ യഥാക്രമം അനുകൂലിച്ചും പ്രതികൂലിച്ചും രണ്ടാം റൗണ്ടിൽ മത്സരിക്കും.
- രണ്ട് റൗണ്ടുകളിലെയും കൂടി പ്രകടനത്തെ അടിസ്ഥാനമാക്കി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിർണയിക്കും.

മത്സരത്തിൽ ഓരോ ടീമിനും ലഭിക്കുന്ന സമയക്രമം താഴെ പറയും പ്രകാരമായിരക്കും :

| | | | |
|---|---|---|---|
| 1 | മത്സരാർഥി 1 | 3 മിനുട്ട് | വിഷയത്തെ അനുകൂലിച്ച്/പ്രതികൂലിച്ച് ആമുഖ സംസാരം. |
| 2 | മത്സരാർഥി 2 | 3 മിനുട്ട് | സഹമത്സരാർഥിയെ പിന്തുണച്ചും വിഷയത്തിലേക്ക് പുതിയ കാര്യങ്ങൾ കൂട്ടിച്ചേർത്തും എതിർടീമിലെ മത്സരാർഥിയുടെ വാദങ്ങളെ ഖണ്ഡിച്ചുമുള്ള സംസാരം. |
| 3 | ചോദ്യങ്ങൾ (രണ്ട് മത്സരാർഥികൾക്കും മാറിമാറി ചോദിക്കാം) | 1 മിനുട്ട് | വിഷയവുമായി ബന്ധപ്പെട്ട ഏറ്റവും പ്രസക്തമായ പരമാവധി ചോദ്യങ്ങൾ ഉന്നയിക്കൽ. |
| 4 | മറുപടി (രണ്ട് മത്സരാർഥികൾക്കും മാറിമാറി മറുപടി പറയാം) | 3 മിനുട്ട് | ഉന്നയിക്കപ്പെട്ട ചോദ്യങ്ങളിൽ ഏറ്റവും പ്രസക്തമായ പരമാവധി ചോദ്യങ്ങൾക്കുള്ള മറുപടി. |
| 5 | ഉപസംഹാരം (രണ്ട് മത്സരാർഥികളിൽ ഒരാൾ) | 3 മിനുട്ട് | വിഷയത്തിൽ ഉന്നയിക്കാവുന്ന പ്രധാന പോയിന്റുകൾ/ന്യായങ്ങൾ/തെളിവുകൾ അവതരിപ്പിച്ച് തന്റെ ടീമിന്റെ വാദത്തെ സമർഥിച്ചു കൊണ്ടുള്ള ഉപസംഹാരം. |

- ഓരോ മത്സരത്തിലും അനുകൂലിക്കുന്ന ടീമിലെ മത്സരാർഥിയാണ് ആദ്യം സംസാരിക്കേണ്ടത്.പ്രതികരിക്കുന്ന ടീമിലെ മത്സരാർഥിയാണ് ആദ്യം ഉപസംഹാരം നടത്തേണ്ടത്.
- അറിവ്,വിഷയത്തിലെ അവഗാഹം,അവതരണ മികവ്,ഭാഷാമികവ്,ചടുലത,വാദപ്രതിവാദശൈലി എന്നിവ പരിഗണിച്ചാണ് ഓരോ ഘട്ടത്തിലും മൂല്യനിർണയം നടത്തുക.

Al Jamia Al Al ISlamiya, Santhappuram, Pattikkad P.O, Malappuram
Fb: Al Jamia Al Al ISlamiya, Santhappuram | Youtube: Al Jamia Al Al ISlamiya | www.aljamia.net
Ph : 0493 270 439, 9656612612 | Pin: 679325